LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജൈവരീതിയിൽ മാത്രം കൃഷി നടത്തുന്ന കർഷകരുടെ വിവരശേഖരണം കൃഷിഭവൻ മുഖേന ആരംഭിച്ചു. ഇക്കാര്യത്തിൽ കൃഷിഭവന്റെ മേൽനോട്ടം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങൾ, കൃഷിയിടങ്ങളിൽ ചെന്ന് കർഷകർക്ക് ന്യായവില യഥാസമയം നൽകി സംഭരിച്ച് ഹോർട്ടികോർപ്പ് വിപണനം നടത്തിവരുന്നു. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാർഷിക ഉൽപ്പന്നങ്ങൾക്ക് ലഭിക്കേണ്ട ന്യായവില

161 (4199) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായവില ലഭിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിലെ മലയോര മേഖലയിലെ നാദാപുരം, കുറ്റ്യാടി, പേരാമ്പ്ര മണ്ഡലത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് ഒരു സംഭരണ കേന്ദ്രം ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കാർഷിക ഉൽപ്പന്നങ്ങളിൽ പ്രധാനമായും റബ്ബറിന് ന്യായമായ വില ലഭിക്കുന്നില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കീടനാശിനി പ്രയോഗം പരിശോധിക്കുന്നതിനുള്ള സംവിധാനം

162 (4200) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചമുളക്, കറിവേപ്പില, കോളിഫ്ലവർ തുടങ്ങിയ പച്ചക്കറികളിലാണ് മാരകമായ കീടനാശിനി പ്രയോഗം കണ്ടുവരുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ തമിഴ്നാട് സർക്കാരുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ ആയത് പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികളിൽ മിക്കതും അന്യസംസ്ഥാനങ്ങളിൽനിന്ന് എത്തുന്നതായതുകൊണ്ട് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ വിഷാംശം എത്ര എന്ന് കണ്ടുപിടിക്കാൻ പച്ചക്കറികടകളിൽനിന്നും സാമ്പിൾ എടുത്ത് പരിശോധന നടത്തുന്ന പ്ലാൻസ്കീം കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ചേർന്ന് "സേഫ്-ടു-ഈറ്റ്" എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പരിശോധിച്ച് ഫലം മൂന്നുമാസത്തിലൊരിക്കൽ (www.kerala.gov.in) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. 2013 ജനുവരി-മാർച്ച് വരെ കാലഘട്ടത്തിൽ പരിശോധിച്ച പച്ചക്കറി സാമ്പിളുകളിൽ കോളിഫ്ലവറിലും 2013 ജൂലൈ-സെപ്റ്റംബർവരെ കാലഘട്ടത്തിൽ പരിശോധിച്ച സാമ്പിളുകളിൽ കറിവേപ്പില, പച്ചമുളക്, എന്നിവയിലും അപകടകരമായ രീതിയിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിരുന്നു. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന 90% പച്ചക്കറികളും വിഷരഹിതമാണ്. കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ചെയർപേഴ്സണായി കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, വെള്ളായണി കാർഷിക കോളേജിലെ പ്രൊഫസർ, വാണിജ്യ നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായ ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് തമിഴ്നാട് സർക്കാരുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാടുൾപ്പെടെ ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാർക്കും ഭക്ഷ്യസുരക്ഷാ കമ്മീഷണർ തമിഴ്നാട് കാർഷികോത്പാദന കമ്മീഷണർക്കും പ്രസ്തുത വിഷയം സംബന്ധിച്ച് കത്തയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്യസംസ്ഥാനങ്ങളിൽനിന്നുവരുന്നതുൾപ്പെടെ വിപണിയിൽ ലഭ്യമായ എല്ലാത്തരം പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്കായി അനലിറ്റിക്കൽ ലാബുകളിൽ അയയ്ക്കുകയും പരിധിയിൽ കവിഞ്ഞ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്ന പക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്.

വളർത്തുമൃഗങ്ങളെ വാങ്ങാൻ സർക്കാരിൽനിന്നും വായ്പ

163 (4201) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങൾക്ക് ഉപജീവനത്തിനായി ആട്, മാട്, കോഴി, മുയൽ മുതലായവയെ വളർത്തി ജീവിക്കുന്നതിനായി എന്തെങ്കിലും വായ്പകൾ നൽകുന്നുണ്ടോ ;

(ബി) മൃഗസംരക്ഷണ വകുപ്പാണോ ഈ പദ്ധതി നടപ്പാക്കുന്നത് ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വായ്പ നൽകുന്നതിന്റെ മാനദണ്ഡം എങ്ങനെയെന്ന് വിവരിക്കുമോ ;

(ഡി) അർഹതപ്പെട്ടവർക്ക് വളർത്തുമൃഗങ്ങളെ സർക്കാരിൽനിന്നും യഥേഷ്ടം നൽകുവാൻ പദ്ധതിയുണ്ടോയെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പുവഴി വായ്പകൾ ഒന്നുംതന്നെ നൽകുന്നില്ല.

(ബി) അല്ല.

(സി) ബാധകമല്ല.

(ഡി) മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കന്നുകാലിഫാം, ആട് വളർത്തൽ ഫാമുകൾ, പന്നി ഫാമുകൾ, കോഴി ഫാമുകൾ, താറാവ് വളർത്തൽ ഫാം, ടർക്കി ഫാം എന്നിവിടങ്ങളിൽനിന്നും ഫാമുകളിലെ ലഭ്യതയനുസരിച്ച് ഉത്പാദനക്ഷമത കൂടിയ വളർത്തുപക്ഷികളെയും വളർത്തുമൃഗങ്ങളെയും മിതമായ വിലയ്ക്ക് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly